# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2477** **18.07.2011-ൽ മറുപടിക്ക്**

**സർക്കാർ പ്രസിദ്ധീകരണങ്ങൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.ഉമ്മർ | ശ്രീ. കെ.സി.ജോസഫ്<br>(ബഹു.ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പു മന്ത്രി) |
| സർക്കാർ പ്രസിദ്ധീകരണങ്ങൾ കൂടുതൽ വായനാക്ഷമതയും ആകർഷകവുമാക്കി വായനക്കാരുടെയും വരിക്കാരുടെയും എണ്ണം വർദ്ധിപ്പിക്കാൻ ആവശ്യമായ നിലപാടുകൾ സ്വീകരിക്കുമോ; എങ്കിൽ വിശദവിവരങ്ങൾ അറിയിക്കുമോ? | സ്വീകരിച്ചിട്ടുണ്ട്. സാംസ്കാരിക പരിപാടികളിലും പുസ്തക മേളകളിലും വകുപ്പിന്റെ സ്റ്റാളുകൾ ഉൾപ്പെടുത്തിയും എല്ലാ ജില്ലകളിലെയും ഇൻഫർമേഷൻ ഓഫീസുകൾ മുഖേനയും വരിക്കാരുടെ എണ്ണം വർദ്ധിപ്പിക്കുന്ന തിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വരിക്കാർക്ക് പുറമെ കോംപ്ലിമെന്ററി കോപ്പികൾ അയച്ചു കൊടുത്തും സർക്കാർ സംഘടിപ്പിക്കുന്ന വിവിധ പരിപാടികളിൽ വകുപ്പു പ്രസിദ്ധീ കരണങ്ങൾ സൗജന്യമായി വിതരണം ചെയ്തും വായനക്കാരുടെ എണ്ണം വർദ്ധിപ്പിച്ചിട്ടുണ്ട്<br><br>വകുപ്പു പ്രസിദ്ധീകരിക്കുന്ന ജനപഥം, കേരളകോളിംഗ് മാസികകളും വികസനസമന്വയം, കേരള ഇന്റർഫേസ് ന്യൂസ് ലെറ്ററുകളും ഉള്ളടക്കത്തിന്റെയും രൂപകല്പനയുടെയും അച്ചടിയുടെയും കാര്യത്തിൽ മികച്ച നിലവാരം പുലർത്തി വരുന്നു. സർക്കാരിന്റെ നയപരിപാടികളും വികസന പദ്ധതികളും മാത്രമല്ല വായനാക്ഷമവും പൊതുജനങ്ങൾക്ക് താത്പര്യവും ഉള്ള നിരവധി ലേഖനങ്ങളും കുറിപ്പുകളും പംക്തികളും ഉൾപ്പെടുത്തിയാണ് പ്രസിദ്ധീ കരിച്ചു വരുന്നത്.<br><br>സംസ്ഥാനഗ്രന്ഥശാലാ സംഘത്തിൽ അഫിലിയേറ്റ് ചെയ്ത അയ്യായിരത്തിൽപരം |

........................ (2)

ഗ്രന്ഥശാലകളിലേക്കും ഹൈസ്ക്കൂൾ, ഹയർ സെക്കന്ററി സ്ക്കൂൾ, കോളേജുകൾ തുടങ്ങിയ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കും മാസികകൾ അയച്ചു കൊടുക്കുന്നുണ്ട്. ഒരു മാസം ശരാശരി ഒമ്പതിനായിരത്തോളം കോപ്പികളാണ് തപാൽ മുഖാന്തിരം അയച്ചു കൊടുക്കുന്നത്. പൊതു സ്ഥാപനങ്ങളിൽ ഇവ പരിശോധിക്കാൻ അവസരം ലഭിക്കുന്ന പലരും പ്രസ്തുത മാസികകളുടെ വരിക്കാരാകാൻ താത്പര്യം പ്രകടിക്കുന്നുണ്ട് എന്നതു തന്നെ മാസികകൾ വായനാ ക്ഷമമാണെന്നതിന്റെ തെളിവാണ്.

Bu

സെക്ഷൻ ഓഫീസർ